ഓപ്ഷൻ തരാത്തതുകാരണം അത്തരത്തിലുള്ള കോളേജുകളിൽ സീറ്റ് ഒഴിവ് വന്നിട്ടുണ്ട്. പ്രത്യേകിച്ചും സംവരണ സീറ്റുകളിലാണ് കൂടുതൽ ഒഴിവ് വന്നിട്ടുള്ളത്. മെഡിക്കൽ നഴ്സിംഗ് സീറ്റുളിലേക്ക് ഏറ്റവും ഒടുവിലായി 24-11-2004-ൽ നടന്ന റീ അലോട്ട്മെന്റിലും വിദ്യാർത്ഥികൾ നൽകിയ എല്ലാ ഓപ്ഷനുകളും റാങ്കിന്റെ ക്രമത്തിൽ പരിഗണിച്ചാണ് സീറ്റുകൾ നൽകിയിട്ടുള്ളത്.

(ഇ) വിദ്യാർത്ഥികൾ നൽകിയ ഓപ്ഷന്റെ അടിസ്ഥാനത്തിൽ റീ-അലോട്ട്മെന്റ് സമയത്ത് സീറ്റുകൾ അനുവദിച്ചുവെങ്കിലും പല വിദ്യാർത്ഥികളും പ്രവേശനം നേടുകയുണ്ടായില്ല. കൂടാതെ പല കോളേജുകളിലെ ലഭ്യമായ സീറ്റുകളിലേക്ക് വിദ്യാർത്ഥികൾ ഓപ്ഷനും തന്നിട്ടുണ്ടായിരുന്നില്ല. സംവരണം, ഓപ്ഷൻ, റാങ്ക് എന്നിവയുടെ അടിസ്ഥാനത്തിൽമാത്രം അലോട്ട്മെന്റ് നൽകാനേ വ്യവസ്ഥയുള്ളു. എന്നിട്ടും സീറ്റുകൾ ഒഴിഞ്ഞുകിടന്നാൽ മാനേജ്മെന്റിന് അവ നികത്താവുന്നതാണ് എന്ന് പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ജി) റോൾ നമ്പർ 16712 ആയ കുട്ടിയുടെ മെഡിക്കൽ റാങ്ക് 28778 ആണ്. കുട്ടിക്ക് അർഹമായിരുന്ന ടി. സി. സംവരണത്തിൽ ഏറ്റവും ഒടുവിൽ പ്രവേശനം നൽകിയ കുട്ടിയുടെ റാങ്ക് 14426 ആണ്. ഇതിൽ താഴെ റാങ്കുള്ള ഒരാൾക്കും ഈ വിഭാഗത്തിൽ അലോട്ട്മെന്റിന് അർഹത ലഭിച്ചിരുന്നില്ല.

(എച്ച്) അതാത് വർഷത്തെ അഡ്മിഷൻ അവസാനിക്കുമ്പോൾ ഒഴിവു വരുന്ന സീറ്റുകൾ ലാപ്സ്ഡ് സീറ്റുകൾ ആയി കണക്കാക്കി പ്രസ്തുത സീറ്റുകൾ നികത്താൻ മാനേജുമെന്റുകളെ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നിലവിലുണ്ട്. അതിനാൽ ഈ വിഷയത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അന്വേഷണം നടത്തേണ്ട ആവശ്യമില്ല.

2005-ലെ മെഡിക്കൽ കൗൺസിലിംഗിൽ 261-ാം റാങ്കുകാരനായ പട്ടികജാതി വിദ്യാർത്ഥിക്ക് എം.ബി.ബി.എസ്.-ന് ലഭിച്ച അഡ്മിഷൻ

114 [3098] *പ്രൊഫ. എ. ഡി. മുസ്തഫ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ മെഡിക്കൽ കൗൺസിലിംഗിൽ പ്രവേശനത്തിനായി അലോട്ട് ചെയ്തിട്ടുള്ള മെഡിക്കൽ റാങ്ക് ലിസ്റ്റിലെ 261-ാം റാങ്കുകാരനായ പട്ടികജാതി വിദ്യാർത്ഥിക്ക് എം.ബി.ബി.എസ്.-ന് മെരിറ്റിലാണോ അഡ്മിഷൻ നൽകിയിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) മെരിറ്റിലല്ല അഡ്മിഷൻ നൽകിയിട്ടുള്ളതെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 2005-ലെ മെഡിക്കൽ അലോട്ടുമെന്റിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിനുള്ള 700 സീറ്റുകളിൽ 8% റിസർവേഷൻ പ്രകാരം 56 സീറ്റുകൾ അലോട്ട് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ എത്ര സീറ്റുകൾ അലോട്ട് ചെയ്തിട്ടുണ്ട്;

(ഇ) സംവരണതത്വംകൂടി വ്യക്തമാക്കാമോ;

(എഫ്) 8% റിസർവേഷൻപ്രകാരം എത്ര സീറ്റുകളിൽ വീതം പട്ടികജാതിക്കാർക്ക് ഓരോ വർഷവും നഷ്ടപ്പെട്ടുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ജി) പട്ടികജാതിക്കാർക്ക് ലഭ്യമാക്കേണ്ട 8% സീറ്റുകളിൽ ഈ വർഷംതന്നെ അലോട്ട്മെന്റ് നടത്തുന്നതിന് ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ നിയമ നിർമ്മാണം നടത്തുമോ?

ഉത്തരം

(എ) 2005-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ 261-ാം റാങ്കുകാരനായ പട്ടികജാതി വിദ്യാർത്ഥിക്ക് എം.ബി.ബി.എസ്.-ന് സ്റ്റേറ്റ് മെരിറ്റിലാണ് പ്രവേശനം നൽകിയിട്ടുള്ളത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 2005-ലെ മെഡിക്കൽ അലോട്ടുമെന്റിൽ സർക്കാർ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് ലഭ്യമായ 700 സീറ്റുകളിൽ അഖിലേന്ത്യാ ക്വാട്ട, സ്പെഷ്യൽ റിസർവേഷൻ, പേർസൺസ് വിത്ത് ഡിസ്എബിലിറ്റി, നോമിനേഷൻ എന്നീ വിഭാഗങ്ങളിൽ നീക്കിവച്ചിട്ടുള്ള സീറ്റുകൾ കഴിഞ്ഞ് ലഭ്യമായ 517 സീറ്റുകളുടെ 8 ശതമാനമായ 42 സീറ്റുകൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് അലോട്ട് ചെയ്തിട്ടുണ്ട്.

(ഡി) 42 സീറ്റുകൾ അലോട്ട് ചെയ്തിട്ടുണ്ട്.

(ഇ) അഖിലേന്ത്യാ ക്വാട്ട, ഇന്ത്യാ ഗവൺമെന്റ് നോമിനികൾ, പ്രത്യേക സംവരണം, ശാരീരിക വൈകല്യമുള്ളവർ എന്നിവർക്കായി നീക്കിവച്ച സീറ്റുകൾ കഴിച്ച് ഓരോ കോഴ്സിനും അവശേഷിക്കുന്ന സീറ്റുകൾ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള 2-5-1966-ലെ ജി.ഒ.(പി)208/66/എഡ്യൂക്കേഷൻ നമ്പർ ഉത്തരവിലെ തത്വങ്ങൾക്കനുസൃതമായി വിതരണം ചെയ്യുന്നതാണ്. നിർദ്ദേശാനുസൃത സംവരണം ശതമാനക്കണക്കിൽ താഴെ ചേർത്തിരിക്കുന്നു.

(എ) സ്റ്റേറ്റ് മെരിറ്റ്	65%
(ബി) എസ്.ഇ.ബി.സി	25%
(i) ഈഴവ	9%
(ii) മുസ്ലീം	8%
(iii) മറ്റു പിന്നോക്ക ഹിന്ദു	5%
(iv) ആംഗ്ലോ ഇന്ത്യൻ ഒഴികെയുള്ള ലത്തീൻ കത്തോലിക്കക്കാർ	2%
(v) മറ്റു പിന്നോക്ക ക്രിസ്ത്യൻ	1%
(സി)	
(i) പട്ടികജാതി	8%
(ii) പട്ടികവർഗ്ഗം	2%

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംവരണ തത്വമനുസരിച്ച് പട്ടികജാതിക്കാർക്ക് സീറ്റുകൾ നഷ്ടപ്പെടുന്നില്ല.

(ജി) (എഫ്) മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ

115 [3099] *ശ്രീ. ജോണി നെല്ലൂർ*

„ *ടി. എം. ജേക്കബ്:*

„ *ഷിബു ബേബി ജോൺ:*

„ *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൻകീഴിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ ധനസഹായത്താലാണോ നടപ്പിലാക്കി വരുന്നത്;

(ഡി) അല്ലെങ്കിൽ ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണെന്നു വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാമോ;

(എഫ്) സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രേരക്മാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ജി) ഇവരുടെ ജോലി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഇവർക്ക് നൽകിവരുന്ന ഓണറേറിയം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഐ) ഓണറേറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൃത്യസമയത്ത് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി ഉണ്ടാകുമോ;

(ജെ) ഇവരുടെ ഓണറേറിയം ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(കെ) ടി. എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly